ഹയർ സെക്കൻഡറി ഡയറക്ടറുടെ
കാര്യാലയം, ഹൗസിങ് ബോർഡ്
ബിൽഡിങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എസിഡി.എസ്പിസി(3)/1204601/2016/എച്ച്എസ്ഇ തീയതി: 05/10/2018

# സർക്കുലർ

വിഷയം: ഹ.സെ.വി. - കലോത്സവം 2018-19 - ഫണ്ട് വിഹിതം അനുവദിക്കുന്നതു സംബന്ധിച്ച്.

സൂചന:
1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/08/2018 തീയതിയിലെ വൈ.2/34000/18/ഡിപിഐ നമ്പർ കത്ത്.
2. 28/10/2018 ലെ എൻ.3/2016/പൊ.വി.വ. നമ്പർ കത്ത്.

സ്കൂൾ കലാ-കായിക മത്സരങ്ങളുടെ നടത്തിപ്പിനായി കലാമേളയ്ക്ക് 50 രൂപ വീതം ഹയർ സെക്കൻഡറി വിദ്യാർത്ഥികളിൽ നിന്നും സ്പെഷ്യൽ ഫീയോടൊപ്പം ശേഖരിച്ചിട്ടുള്ളതാണ്. 2018-19 അധ്യയന വർഷത്തെ, കലാ മത്സരങ്ങളുടെ നടത്തിപ്പിനായി ഈ ഫണ്ട് വിനിയോഗിക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കലാമേള | സ്കൂൾ തലം | 8 രൂപ |
| | സബ്ജില്ലാതലം | 10 രൂപ |
| | ജില്ലാ തലം | 10 രൂപ |
| | സംസ്ഥാന തലം | 22 രൂപ |
| | ആകെ | **50 രൂപ** |

- സ്കൂൾതല മത്സരങ്ങൾക്കുള്ള തുകയുടെ വിനിയോഗം പ്രിൻസിപ്പൽമാരാണ് നിർവ്വഹിക്കേണ്ടത്.
- സബ്ജില്ലാ മത്സരങ്ങൾക്കുള്ള വിഹിതം പ്രിൻസിപ്പൽമാർ അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ (എ.ഇ.ഒ.)-ക്ക് കൈമാറി രസീത് കൈപ്പറ്റേണ്ടതാണ്.
- ജില്ലാതല മത്സരങ്ങൾക്കുള്ള വിഹിതം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് (ഡി.ഡി.ഇ.) ഡിമാന്റ് ഡ്രാഫ്റ്റായി നൽകേണ്ടതാണ്.

- സംസ്ഥാനതല മത്സരങ്ങൾക്കുള്ള വിഹിതം ഡി.പി.ഐ.-യ്ക്ക് എസ്.ബി.ഐ., ജഗതി ബ്രാഞ്ചിൽ മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റായി നൽകേണ്ടതാണ്.
- കലാമേളയുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച സ്കൂൾ തലത്തിലുള്ള സ്റ്റേറ്റ്മെന്റ് ചലാൻ (പകർപ്പ് സഹിതം) അതാത് സ്കൂൾ പ്രിൻസിപ്പൽമാർ ആർ.ഡി.ഡി. ഓഫീസിൽ നൽകേണ്ടതും ആർ.ഡി.ഡി.യുടെ പരിധിയിൽ വരുന്ന സ്കൂളുകളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച ഏകീകൃത സ്റ്റേറ്റ്മെന്റ് ഡയറക്ടറേറ്റിൽ നൽകേണ്ടതുമാണ്.

ഒപ്പ്

**ഡയറക്ടർ**